**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4299** **18-07-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിനൽകുന്നതിനുള്ള കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡ്, പാലങ്ങൾ എന്നിവയുടെ നിർമ്മാണങ്ങൾക്കുവേണ്ടി കെ.എസ്.ഇ.ബി. യുടെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി നൽകുന്നതിൽ കാലതാമസം നേരിടുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില സ്ഥലങ്ങളിൽ 8 m പോസ്റ്റിന്റെ ക്ഷാമം മൂലം ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി നൽകുന്നതിനു കാലതാമസം നേരിട്ടിരുന്നു. പോസ്റ്റുകൾ ആവശ്യമായ തോതിൽ ലഭ്യമാക്കികൊണ്ടു ഈ പ്രശ്നം പരിഹരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നിർമ്മാണങ്ങൾക്കാവശ്യമായ കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുനൽകാൻ കാലതാമസം നേരിടുന്നുവെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പ്രസരണ വിഭാഗം തെക്കൻ മേഖലയുടെ കീഴിൽ ആലപ്പുഴ, കരുനാഗപ്പള്ളി, കൂടൽ എന്നീ സ്ഥലങ്ങളിൽ റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി-യുടെ അധീനതയിലുള്ള സ്ഥലം വിട്ടു നൽകുമ്പോൾ ലഭിക്കേണ്ട നഷ്ടപരിഹാര തുക, അസ്സൽ പ്രമാണത്തിന്റെ അഭാവത്തിൽ ലഭ്യമാകാത്തതിനാൽ സ്ഥലം വിട്ടു നൽകുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (സി) | ആലപ്പുഴ ശവക്കോട്ടപ്പാലം പുതുക്കിപ്പണിയുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. യുടെ കൈവശമുള്ള സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (സി) | ആലപ്പുഴ ശവക്കോട്ടപ്പാലം പുതുക്കിപണിയുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി-യുടെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള സ്ഥലം ലഭ്യമാക്കുന്നതിന് റവന്യൂ അധികാരികൾ നിശ്ചയിച്ച പൊന്നും വില തുക കെ.എസ്. ഇ.ബി-യുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് സംബന്ധിച്ച് ചില സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നെങ്കിലും സംസ്ഥാനത്തിന്റെയും ജില്ലയുടേയും പൊതു വികസനം മുൻ നിറുത്തി റോഡ് വികസനത്തിനുവേണ്ടി സ്ഥലം കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ട്. പൊന്നും വില കെ.എസ്.ഇ.ബി-യ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിയമാനുസരണം കൈക്കൊള്ളുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ